## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3 — 28.05.2019 - ൽ മറുപടിക്ക്

# നവകേരള നിർമ്മാണം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ .കെ.സി.ജോസഫ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) നവകേരള നിർമ്മാണം പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വെളിപ്പെടുത്തുമോ; | (എ) നവകേരളം എന്ന ലക്ഷ്യത്തിലൂന്നി ആരംഭിച്ച കേരളപുനർനിർമ്മാണ പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ ഫണ്ട് സ്വരൂപിക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങളാണ് നിലവിൽ നടന്നുവരുന്നത്. സംസ്ഥാനത്ത് പ്രളയാനന്തര പുനർനിർമാണ പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ നേതൃത്വത്തിൽ തയാറാക്കിയിട്ടുള്ള സമഗ്രരേഖയായ കേരള പുനർനിർമാണ വികസന പരിപാടി (RKDP) യിൽ പരിസ്ഥിതി സൗഹാർദ്ദ മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ടുള്ള പദ്ധതികളാണ് നടപ്പാക്കുന്നത് . ലോകബാങ്കിന്റെ വികസനയ വായ്പ ലഭിക്കുന്നതിനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. വരാനിരിക്കുന്ന പദ്ധതികൾ ഏകോപിപ്പിക്കുന്നതിനായി RKI സെക്രട്ടേറിയറ്റ് രൂപീകരിച്ചിട്ടുണ്ട് . |

| | | | |
|---|---|---|---|
| (ബി) | പദ്ധതിയുടെ വിശദമായ രൂപരേഖ തയ്യാറാക്കുവാൻ ഏതെങ്കിലും ഏജൻസിയെ ചുമതലപെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആരെയാണെന്നും പ്രസ്തുത പ്രവൃത്തി ഏത് ഘട്ടത്തിലാണെന്നും വെളിപ്പെടുത്തുമോ; | (ബി) | റീബിൽഡ് കേരള പുനർനിർമ്മാണ പരിപാടിയുടെ ഭാഗമായി ഏറ്റെടുക്കുന്ന പദ്ധതികളുടെ വിശദമായ രൂപരേഖ പൂർത്തിയായിട്ടില്ല. പദ്ധതി രൂപരേഖകൾ അതാതു വകുപ്പുകൾ തയ്യാറാക്കി വരുന്നു. |
| (സി) | പ്രസ്തുത പദ്ധതിക്കായി ഏതെങ്കിലും ദേശീയ /അന്തർദേശീയ ഏജൻസികൾ ധനസഹായം പ്രഖ്യാപിച്ചതായി രേഖാമൂലം അറിയിപ്പ് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (സി) | ഉണ്ട്. കേരള പുനർനിർമാണ പദ്ധതികൾക്കായി ലോകബാങ്കിൽനിന്ന് 5137.34 കോടി രൂപയുടെ(സംസ്ഥാന വിഹിതം ഉൾപ്പെടെ) വികസന നയവായ്പ (DPL), ജർമൻ ബാങ്കായ KfW ൽനിന്ന് 1458 കോടി രൂപ (സംസ്ഥാന വിഹിതം ഉൾപ്പെടെ) യുടെ വായ്പ എന്നിവ സംബന്ധിച്ച ധാരണപത്രം ഒപ്പിടുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. വായ്പയുടെ ആദ്യ ഗഡു ലഭ്യമാക്കുന്നതു സംബന്ധിച്ച മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തിവരുന്നു. |
| (ഡി) | പ്രസ്തുത പദ്ധതിക്കായി ഇതിനോടകം എത്രകോടി രൂപ ചിലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; | (ഡി) | പദ്ധതികൾക്ക് അന്തിമരൂപമായിട്ടില്ല ആയതിനാൽ പദ്ധതികൾക്കായി ഇതുവരെ പണം ചിലവഴിച്ചിട്ടില്ല. |
| (ഇ) | മുഖ്യമന്ത്രിയുടെ വിദേശ സന്ദർശനത്തിന്റെ ഫലമായി നവകേരള നിർമ്മാണം പദ്ധതിക്ക് എന്തെല്ലാം സാങ്കേതിക ,സാമ്പത്തിക സഹായങ്ങൾ ലഭ്യമായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ? | (ഇ) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ചർച്ചകൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ